11 C 0/18

# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

പിഎച്ച്.ഡി. പ്രോഗ്രാം - സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് - സോഷ്യൽ സയൻസസ് ഫാക്കൽറ്റിയിൽ ഗവേഷണത്തിനു ശേഷം അവാർഡ് ചെയ്യപ്പെടുന്ന പിഎച്ച്.ഡി. ഡിഗ്രികളിൽ ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് എന്ന് നാമകരണം ചെയ്യുന്നത് സംബന്ധിച്ച്

## അക്കാദമിക് എ X സെക്ഷൻ

സ.ഉ. നം. 7267/2018/AX/3/അക്കാദമിക് പ്രിയദർശിനി ഹിൽസ്, തീയതി : 09.10.2018

പരാമർശം: (1) 22.02.2018 -ാം തീയതിയിലെ സ.ഉ.നം. 2141/AX/3/2018/അക്കാദമിക്

(2) 18.04.2018 -ാം തീയതിയിലെ സ.ഉ.നം. 3438/2018/AX/3/അക്കാദമിക്

(3) ഫയൽ നം. എസിഎX/3/എസ്ഐആർപി/2018

## ഉത്തരവ്

സോഷ്യൽ സയൻസസ് ഫാക്കൽറ്റിയിൽ, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ ഗവേഷണത്തിനു ശേഷം അവാർഡ് ചെയ്യപ്പെടുന്ന പിഎച്ച്.ഡി. ഡിഗ്രികളിൽ **ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ്** എന്ന് നാമകരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി 22.02.2018 മുതൽ രജിസ്ട്രേഷൻ നേടുന്നവർക്കായി നിജപ്പെടുത്തി പരാമർശം (2) പ്രകാരം, ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

'22.02.2018 മുതൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന' പിഎച്ച്.ഡി. ഡിഗ്രികളിൽ ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് എന്ന് നാമകരണം ചെയ്യുന്നതിന് പകരം, '22.02.2018 ന് ശേഷം അവാർഡ് ചെയ്യപ്പെടുന്ന' പിഎച്ച്.ഡി. ഡിഗ്രികളിൽ ഗവേഷണവിഷയം ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് എന്ന രീതിയിൽ നാമകരണം ചെയ്യണമെന്നഭ്യർത്ഥിച്ചു കൊണ്ട് സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ ഗവേഷണവിദ്യാർത്ഥിയായ ശ്രീ വിശ്വം മാത്യു അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ, സോഷ്യൽ സയൻസ് ഡീനിന്റെ അഭിപ്രായം തേടിയതിന്റെ വെളിച്ചത്തിൽ, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ നടത്തപ്പെടുന്ന പിഎച്ച്.ഡി പ്രോഗ്രാമിന് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് എന്ന് പൊതുവായി നാമകരണം ചെയ്യുന്നത് ഉചിതമായതിനാൽ പരാമർശം (1) നിലനിർത്തുന്നതിനും പ്രസ്തുത ഉത്തരവിന്റെ പ്രാബല്യതീയതി സംബന്ധിച്ചുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കുന്നതിനും വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ബൈജു എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. ശ്രീ വിശ്വം മാത്യു, ഗവേഷണ വിദ്യാർത്ഥി, SIRP
2. ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ്
3. ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെൻറ്, SIRP
4. റിസേർച്ച് ഡയറക്ടർ
5. വി.സി.യുടെ പി.എസ്. / പി.വി.സി.യുടെ പി.എസ്.
6. രജിസ്ട്രാറുടെ പി.എ. / കൺട്രോളറുടെ പി.എ.
7. JR II (Admn) / DR I (Acad) / AR IV (Acad)
8. Ac AII / Ac AXI സെക്ഷനുകൾ
9. EB X / EB XIV സെക്ഷനുകൾ
10. കണ്ടന്റ് മാനേജ്മെന്റ് സെൽ
11. റെക്കോർഡ്സ് സെക്ഷൻ
12. സ്റ്റോക്ക് ഫയൽ
13. ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ